പഠിക്കുന്നതിനുമുള്ള സാമ്പത്തികസഹായം ഗവൺമെന്റ് നൽകുന്നുണ്ട്. സാമ്പത്തിക സഹായത്തിന്റെ പോരായ്മ അല്ല. സ്കൂളുകളിൽ അഡ്മിഷൻ നൽകാൻ പല മാനേജ്മെന്റുകളും വിമുഖത കാണിക്കുന്നു എന്നുള്ളതുകൊണ്ടാണ്. അക്കാര്യത്തിൽ ഈ സഭ താൽപര്യമെടുത്തതിൽ സന്തോഷമുണ്ടെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): അഖിലേന്ത്യാ മൽസര പരീക്ഷകളിൽ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നു. അവരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഫ്രീ കോച്ചിംഗ് ക്ലാസ്സിൽ എന്തൊക്കെ സൗകര്യങ്ങളാണ് ലഭിക്കുന്നത്; അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം ഇന്നുള്ള അപര്യാപ്തത പരിഹരിച്ചുകൊണ്ട് മെച്ചമായ നിലവാരത്തിൽ സജ്ജമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പന്തളം സുധാകരൻ: പഠിക്കാൻ മെച്ചമായ സൗകര്യങ്ങളുള്ള സ്ഥാപനമാണ് ഇപ്പോഴുള്ള ഐ.എ.എസ്. കോച്ചിംഗ് ട്രെയിനിംഗ് സെന്റർ. അവിടെ വിപുലമായ ലൈബ്രറിയുണ്ട്. താമസ സൗകര്യമെല്ലാം കൂടി കണക്കിലെടുത്തുകൊണ്ടാണ് പുതിയ കോംപ്ലക്സ് അടുത്ത വർഷം തന്നെ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. ഇ. ശങ്കരൻ: പട്ടികജാതിയിൽപ്പെട്ട പല ആളുകളും ഉന്നതമായ പരീക്ഷയ്ക്കിരുന്ന് പ്രശസ്തമായ വിജയം കൈവരിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സർവ്വീസുകളിൽ അവർക്ക് അർഹതപ്പെട്ട നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. അഥവാ നിയമനം ലഭിച്ചിട്ടുണ്ടെങ്കിൽതന്നെ അർഹമായ പ്രൊമോഷൻ തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേകിച്ചും കേരള സർവകലാശാല, പോലീസ് വകുപ്പ് തുടങ്ങിയ ഗവൺമെന്റ് സർവീസുകളിൽ ഇവർ തഴയപ്പെടുന്നു എന്ന് വ്യാപകമായ ആക്ഷേപങ്ങളുണ്ട്. അതിനെക്കുറിച്ച് നല്ല നിലയിൽ അന്വേഷണം നടത്തി അവർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനും അർഹതപ്പെട്ട ചാൻസ് ലഭിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പന്തളം സുധാകരൻ: സർക്കാർ നിയമനങ്ങളിൽ തഴയപ്പെടുന്നുണ്ടോയെന്നുള്ള കാര്യം പരിശോധിക്കേണ്ടതാണ്. പക്ഷേ നിയമനങ്ങളിൽ മാത്രമല്ല, പല മേഖലകളിലും ഈ വിഭാഗത്തെ തഴയപ്പെടുന്നുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

പഞ്ചായത്ത് ധനകാര്യ കമ്മീഷൻ

* 2 [89] ശ്രീ. ജോർജ് ജെ. മാത്യു:
,, എ. പത്മകുമാർ:
,, പി. ടി. കുഞ്ഞിമുഹമ്മദ്:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് ധനാഗമ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് പഞ്ചായത്ത് ധനകാര്യ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്നാണ് നിയമിച്ചത്;

(സി) കമ്മീഷനിലെ അംഗങ്ങൾ ആരൊക്കെയാണ്; കമ്മീഷൻ കാലാവധി എന്ന് തീരും;

(ഡി) കമ്മീഷന്റെ ഇടക്കാല റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചുവോ;

(ഇ) എങ്കിൽ എന്നാണ് ലഭിച്ചതെന്നും അതിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(എഫ്) ശുപാർശയുടെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ജി) ശുപാർശയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തു കഴിഞ്ഞുവെന്നും ഇനി എന്തെല്ലാം കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ടെന്നും വ്യക്തമാക്കുമോ;

(എച്ച്) എത്ര കോടി രൂപയുടെ സാമ്പത്തിക ബാദ്ധ്യതയാണ് പ്രസ്തുത ശുപാർശയനുസരിച്ച് ഉണ്ടാകുന്നത്;

(ഐ) അന്തിമ റിപ്പോർട്ട് എന്നത്തേക്ക് നൽകുവാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ):

(എ) ഉണ്ട്.

(ബി) 23-4-1994-ലെ നോട്ടിഫിക്കേഷൻ നമ്പർ 31354/എസ് എസ്1/94/ധന. പ്രകാരം സംസ്ഥാന ധനകാര്യ കമ്മീഷനെ നിയമിച്ചു. കമ്മീഷൻ ചെയർമാൻ ചാർജെടുത്തത് 27-5-1994-ലാണ്.

(സി) 1. ശ്രീ. പി. എം. എബ്രഹാം, ഐ. എ. എസ്. (റിട്ട.), ചെയർമാൻ

2. ശ്രീ. കെ. എ. ഉമ്മർ, മെമ്പർ

3. ശ്രീ. കെ. മോഹൻദാസ്, ഐ. എ. എസ്., മെമ്പർ.

കമ്മീഷൻ കാലാവധി 29-2-1996-ൽ തീർന്നു.

(ഡി) ലഭിച്ചു.

(ഇ) ഇടക്കാല റിപ്പോർട്ട് 30-9-1995-ൽ ലഭിച്ചിട്ടുണ്ട്. പ്രധാന ശുപാർശകൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(എഫ്) അന്തിമ റിപ്പോർട്ട് ഇപ്പോൾ ലഭിച്ചിട്ടുണ്ട്. അതിലെ ശുപാർശകൾ പരിശോധിച്ചശേഷം അതിൻമേൽ എടുത്ത നടപടികളുടെ വിശദീകരണക്കുറിപ്പ് സഹിതം നിയമസഭയിൽ വയ്ക്കുന്നതാണ്.

(ജി, എച്ച്) അന്തിമ റിപ്പോർട്ട് ഇപ്പോൾ ലഭിച്ചതേയുള്ളൂ. അതിലെ ശുപാർശകൾ പരിശോധിച്ചുവരുന്നു. പഞ്ചായത്ത്/നഗരപാലികാസ്ഥാപനങ്ങൾക്ക് മാറ്റപ്പെട്ട സ്കീമുകൾ/പരിപാടികൾക്കു വേണ്ടിയുള്ള ചെലവുകൾക്കായി 83.57 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ വാഹന നികുതിയിനത്തിൽ പഞ്ചായത്തുകൾക്ക് 1995-96-ൽ 16 കോടി രൂപ നൽകിയിട്ടുണ്ട്. ശുപാർശ അനുസരിച്ച് ഉണ്ടാകാവുന്ന സാമ്പത്തിക ബാദ്ധ്യത കണക്കാക്കിയിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) 29-2-1996 വരെയായിരുന്നു കമ്മീഷന്റെ കാലാവധി. കാലാവധി അവസാനിച്ചപ്പോൾ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

ശ്രീ. എ. പത്മകുമാർ: ത്രിതല പഞ്ചായത്തുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ അധികാരങ്ങളാകെ വികേന്ദ്രീകരിക്കുമെന്നും പഞ്ചായത്തുകൾക്ക് അധികാരങ്ങൾ കൈമാറുമെന്നുമാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഇത്രയും കാലമായിട്ടും ഗ്രാമ തലത്തിൽ പ്ലാനിംഗ് നടപ്പിലാക്കാൻ കഴിയത്തക്ക രൂപത്തിൽ വേണ്ടത്ര സഹായം പഞ്ചായത്തുകൾക്ക് നൽകിയിട്ടില്ലായെന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നും മനസ്സിലാകുന്നത്. ആകെ 87 കോടി രൂപ മാത്രമാണ് ഈ ബഡ്ജറ്റിൽ മാറ്റി വച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള നികുതി മേഖലകളിൽ ഏതൊക്കെ പൂർണ്ണമായി പഞ്ചായത്തുകൾക്ക് കൈമാറുമെന്ന് വ്യക്തമാക്കാമോ; സംസ്ഥാന ഗവൺമെന്റിന്റെ വരുമാനത്തിൽ 5 ശതമാനം പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്ക് നൽകണമെന്ന ശുപാർശ നടപ്പിലാക്കുമോ?

ശ്രീ. സി. വി. പത്മരാജൻ: ഞാൻ മറുപടിയിൽ പറഞ്ഞതുപോലെ തന്നെ ഒരു ഫൈനാൻസ് കമ്മീഷനെ നിയമിച്ചു. ആ ഫൈനാൻസ് കമ്മീഷന്റെ റിപ്പോർട്ട് രണ്ടുമൂന്നു ദിവസങ്ങൾക്കുമുൻപാണ് കിട്ടിയത്. അത് പഠിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ. ഫൈനാൻസ് കമ്മീഷൻ നൽകിയ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതൊരു ഇൻറീം പീരേഡാണ്. കുറച്ച് പ്രായോഗിക ബുദ്ധിമുട്ട് വരുമെങ്കിലും വളരെ ഉദാരമായ നയം ഗവൺമെന്റ് ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. നിയമം അനുശാസിക്കുന്ന രീതിയിൽ അധികാരം പൂർണ്ണമായും പഞ്ചായത്തുകൾക്ക് കൈമാറണമെന്നും പഞ്ചായത്തുകൾക്ക് ആവശ്യമായിട്ടുള്ള ധനം ഉണ്ടാക്കുന്നതിനും ഗവൺമെന്റിനു വിഹിതം നല്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളണമെന്നുമാണ് ഗവൺമെന്റിന്റെ നയം. അതിൽ യാതൊരു വിട്ടുവീഴ്ചയുമില്ല.

ശ്രീ എ. പത്മകുമാർ: കേന്ദ്രമന്ത്രി അദ്ധ്യക്ഷനായുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഭേദഗതിയ സമിതി ജെ. ആർ. വൈ. പദ്ധതി പ്രകാരമുള്ള തുക മുഴുവൻ പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്ക് നല്കണമെന്നുള്ള ശുപാർശ നൽകിയിട്ടുണ്ട്. അതനുസരിച്ച് കേന്ദ്ര ഗവൺമെന്റ് അങ്ങനെ ഒരു തീരുമാനവുമെടുത്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് എന്തൊക്കെ തീരുമാനമാണ് എടുത്തിട്ടുള്ളത്; എത്ര തുക പഞ്ചായത്തുകൾക്ക് കൊടുക്കാൻവേണ്ടി സാധിക്കും?

ശ്രീ. സി. വി. പത്മരാജൻ: ജെ. ആർ. വൈ. പൂർണ്ണമായിട്ടും കേന്ദ്ര ഗവൺമെന്റിന്റെ ഒരു പദ്ധതിയാണ്. ജെ. ആർ. വൈ. പദ്ധതി പ്രകാരമുള്ള പണത്തിന്റെ 80 ശതമാനം പഞ്ചായത്തുകൾക്ക് നൽകണമെന്ന തീരുമാനം മുൻപ് ഗവൺമെന്റ് എടുത്തിട്ടുണ്ട്. ചില മാനദണ്ഡങ്ങൾ വച്ച് ശ്രീ. രാജീവ്ഗാന്ധിയുടെ കാലത്തുതന്നെ അതു സംബന്ധിച്ച് തീരുമാനമുണ്ടായി എന്നാണ് എന്റെ ഓർമ്മ. ആ 80 ശതമാനം പഞ്ചായത്തുകൾക്ക് വിഭജിക്കുന്നു. 20 ശതമാനം ഡി. ആർ. ഡി. എ -യ്ക്ക് നീക്കിവച്ചിരിക്കുന്നു. ഇതാണ് സ്ഥിതി. കേന്ദ്രഗവൺമെന്റ് ഇതിന്റെ മാനദണ്ഡങ്ങൾക്ക് മറ്റെന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് എനിക്ക് അറിയില്ല. സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വലുതായിട്ടൊന്നും ചെയ്യാനില്ല. കേന്ദ്രഗവൺമെൻറിന്റെ നിലപാടിൽ നിന്നും വ്യത്യസ്തമായ ഒരു നിലപാട് ഇക്കാര്യത്തിൽ സംസ്ഥാനഗവൺമെൻറിന് ഇല്ലായെന്നുള്ളതാണ് സ്ഥിതി.

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്: സ്റ്റേറ്റ് ഗവൺമെൻറിൽനിന്ന് ലോക്കൽ ബോഡീസിലേക്ക് പ്ലാൻ ഫണ്ട് എങ്ങനെ നൽകണമെന്നതിനെക്കുറിച്ച് എന്തെങ്കിലും നിർദ്ദേശം ഈ കമ്മീഷൻ വച്ചിട്ടുണ്ടോ?

ശ്രീ. സി. വി. പത്മരാജൻ: ഫൈനൽ റിപ്പോർട്ട് ഞങ്ങളം പഠിച്ചിട്ടില്ല. അത് പഠിച്ചതിനുശേഷം ഞാൻ വിവരം പറയാം.

ശ്രീ. പി. ടി. കുഞ്ഞുമുഹമ്മദ്: ഇന്നുള്ള ലോക്കൽ ബോഡീസിന്റെ അക്കൗണ്ടിംഗിനെപ്പറ്റിയും ആഡിറ്റിംഗിനെപ്പറ്റിയും കമ്മീഷൻ പരാമർശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർദ്ദേശങ്ങളുടെ വിശദവിവരങ്ങൾ സഭയിൽ വയ്ക്കുമോ?

ശ്രീ. സി. വി. പത്മരാജൻ: ഫൈനാൻസ് കമ്മീഷന്റെ റിപ്പോർട്ട് രണ്ടുമൂന്നു ദിവസങ്ങൾക്കുമുമ്പാണ് കിട്ടിയത്. ഫൈനാൻസ് കമ്മീഷൻ നേരിട്ട് മുഖ്യമന്ത്രിക്കും ,ഗവർണ്ണർക്കും എനിക്കും റിപ്പോർട്ട് നൽകിയിട്ടുണ്ട്. എനിക്ക് തന്ന റിപ്പോർട്ട് ഞാൻ ഫൈനാൻസ് ഡിപ്പാർട്ടുമെൻറിൽ ഏൽപ്പിച്ചിരിക്കുകയാണ്. ഇതിനെക്കുറിച്ച് വിശദമായി പഠനം നടത്താൻ കഴിഞ്ഞിട്ടില്ല. ഇടക്കാലറിപ്പോർട്ട് തന്നിട്ടുള്ളത് ഞാൻ സഭയിൽ വച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച് പഠിച്ച് ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

ശ്രീ. വി. വി. രാഘവൻ: ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിന്റെ ഉള്ളടക്കമെന്ന് അവകാശപ്പെട്ടുകൊണ്ട് ഇന്ന് പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോഴ എം. എൽ.എ -മാർ ധർമ്മസങ്കടത്തിലാണ്. പഞ്ചായത്ത് പ്രസിഡൻറുമാർ അടക്കമുള്ള നാട്ടുകാർ പത്രവാർത്ത വച്ച് ഞങ്ങളോട് ചോദിക്കുമ്പോഴ എന്താണ് മറുപടി പറയേണ്ടത്. പത്രങ്ങൾക്ക് ഏതെങ്കിലും വഴിയിൽക്കൂടി ലഭ്യമാക്കുന്നതിനുമുൻപ് എം. എൽ. എ.-മാർക്ക് ഇതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ നടപടിയെടുക്കാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് ചെറുതൊന്നുമല്ല. സഭ പിരിയുന്നതിന് മുൻപെങ്കിലും റിപ്പോർട്ടിന്റെ ഒരു കോപ്പി ലഭ്യമാക്കാൻ അങ്ങ് സദയം നടപടി കൈക്കൊള്ളുമോ?

ശ്രീ. സി. വി. പത്മരാജൻ: പഞ്ചായത്ത് കമ്മീഷന്റെ റിപ്പോർട്ട് എന്നു പറഞ്ഞ് പത്രങ്ങൾ പ്രസിദ്ധീകരിച്ച വാർത്ത ഞാൻ കണ്ടില്ല. അത് പത്രങ്ങളുടെ ഊഹമാണോ എന്നറിയില്ല. ഫൈനാൻസ് കമ്മീഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഗവർണ്ണക്കും എനിക്കും റിപ്പോർട്ട് നൽകിയിട്ടുണ്ട്. അങ്ങനെ ആകെ മൂന്നു കോപ്പികളാണുള്ളത്. എനിക്ക് കിട്ടിയ കോപ്പി ഞാൻ ഫൈനാൻസ് ഡിപ്പാർട്ടുമെൻറിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ബഡ്ജറ്റ് സമ്മേളനത്തോടനുബന്ധിച്ചുള്ള ജോലിയും ഉദ്യോഗസ്ഥൻമാർ നിയമസഭയിലുമായതുകൊണ്ടും പ്രോസസ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. പത്ര റിപ്പോർട്ടുകൾ പരിശോധിച്ച് സഭ പിരിയുന്നതിന് മുൻപ് സഭയിൽ അവതരിപ്പിക്കാൻ കഴിയുമോയെന്ന് പരിശോധിക്കാം. അത് വലിയ റിപ്പോർട്ടാണ്. അച്ചടിച്ച് വിതരണം ചെയ്യാൻ പെട്ടെന്ന് കഴിയുമോയെന്ന് എനിക്ക് അറിയില്ല. ഫൈനാൻസ് കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെൻറ് പഠിച്ച് ഗവൺമെൻറിന്റെ അഭിപ്രായങ്ങളുമായിട്ട് സഭയിൽ വയ്ക്കണമെന്നാണ് ചട്ടത്തിൽ പറഞ്ഞിരിക്കുന്നത്. അതിനുള്ള സാവകാശം കിട്ടുമെന്നുള്ളകാര്യം സംശയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ: അങ്ങ് ഇവിടെ പറഞ്ഞപ്പോൾ 16 കോടി രൂപ വാഹന നികുതി കൊടുത്തുവെന്നു പറഞ്ഞു. ഇതൊരു പുതിയ കാര്യമല്ല. വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ എത്രയോ വർഷങ്ങളായി പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൊടുത്തുകൊണ്ടിരിക്കുന്നു. ഫൈനൽ റിപ്പോർട്ട് വായിക്കാൻ സമയം കിട്ടിയില്ല, സമ്മതിച്ചു. ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഇൻറ്റീം റിപ്പോർട്ടെങ്കിലും അങ്ങ് വായിച്ചിരിക്കാൻ ഇടയുണ്ടല്ലോ. ഇത് 30-9-1995-ലാണ് ലഭിച്ചത്. ആറു മാസമായി ലഭിച്ച ഇൻറ്റീം റിപ്പോർട്ട് വായിച്ചിരിക്കാൻ ഇടയുള്ളതുകൊണ്ടാണ് ഈ ചോദ്യം ചോദിക്കുന്നത്. കേന്ദ്രവും സംസ്ഥാനവും നികുതികൾ വിഭജിച്ച് എടുക്കുന്നതുപോലെ സംസ്ഥാനവും പഞ്ചായത്തുകൾക്ക് നികുതികൾ വിഭജിക്കണമെന്നാണ് ഫൈനാൻസ് കമ്മീഷൻറെ റിപ്പോർട്ടിൽ പറയുന്നത്. അങ്ങനെ ഇൻറ്റീം റിപ്പോർട്ടിൽ ഏതെങ്കിലും നികുതി ജില്ലാ പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും അപ്പോർഷൻ ചെയ്തു നൽകുന്നതായി ഇൻറ്റീം റിപ്പോർട്ടിൽ എവിടെയെങ്കിലും പറയുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): ആ ഇൻറ്റീം റിപ്പോർട്ടിൻറെ സമ്മറി ഓഫ് റെക്കമെൻറേഷൻസ് 'ഇ' ചോദ്യത്തിൻറെ ഉത്തരത്തോടൊപ്പം അനുബന്ധമായി വച്ചിട്ടുണ്ട്. അതിനോടനുബന്ധിച്ച അനുബന്ധങ്ങളും രണ്ടെണ്ണമുണ്ട്. ശുപാർശകളും അതിൻമേൽ ഗവൺമെൻറ് കൈക്കൊണ്ടിട്ടുള്ള നടപടികളുമുണ്ട്. ഫൈനൽ റിപ്പോർട്ട് കിട്ടുന്നതിനു കാലതാമസമുണ്ടാകും. എന്നുള്ളതുകൊണ്ട് ഇടക്കാല നടപടികളും എന്നുള്ള നിലയ്ക്കാണത്. ആ ഇൻറ്റീം റിപ്പോർട്ട് തരണമെന്നാണ് ഗവൺമെൻറ് ആവശ്യപ്പെട്ടത്. ഇടക്കാല നടപടികളിൽ സംസ്ഥാനഗവൺമെൻറിൻറെ ടാക്സേഷൻ റൈറ്റ്സ് പഞ്ചായത്തുകൾക്ക് കൊടുക്കണമെന്ന നിർദ്ദേശം ഉള്ളതായിട്ട് തോന്നുന്നില്ല. പ്രധാനപ്പെട്ട ആ സമ്മറി ഓഫ് റെക്കമെൻറേഷൻസ് മുഴുവൻ ഈ സഭയിൽ ഞാൻ വച്ചിട്ടുണ്ട്. അതിൽ 15 എണ്ണമുണ്ട്. അത് മിക്കവാറും നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്.

ശ്രീ. വി. കേശവൻ: അങ്ങ് മറുപടി പറഞ്ഞപ്പോൾ ജെ. ആർ. വൈ.-യുടെ തുക കേന്ദ്രഗവൺമെൻറ് 80 ശതമാനം നേരിട്ട് പഞ്ചായത്തുകൾക്കും, 20 ശതമാനം ഡി. ആർ. ഡി. എ. വഴിയും കൊടുക്കുന്നുണ്ട് എന്നു പറഞ്ഞു. ഇന്ന് ഡി. ആർ. ഡി. എ. വഴി ഇതു കിട്ടുന്നില്ല. ആ തുകയാണ് എം. പി.-മാർക്ക് പ്രാദേശിക വികസന ഫണ്ട് എന്ന രൂപത്തിൽ ഒരു കോടി രൂപാവീതം കൊടുക്കുന്നത്. അതുകൊണ്ട് ഡി. ആർ. ഡി. എ.-ൽ അങ്ങനെ തുച്ഛമായ തുക മാത്രമേ വരാറുള്ളൂ. അതുകൊണ്ട് ഡി. ആർ ഡി. എ.-വഴിയുള്ള വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഈ സ്ഥിതി മാറി ജെ. ആർ. വൈ.-യുടെ ഫണ്ട് നിയമപ്രകാരം 80 ശതമാനം പഞ്ചായത്തുകൾ വഴിയും 20 ശതമാനം ഡി. ആർ. ഡി. എ. വഴിയും കൊടുക്കണം. എം. പി.-മാരുടെ പ്രാദേശിക വികസന ഫണ്ടിലേക്ക് വേറെ ഏതെങ്കിലും തരത്തിൽ രൂപ കണ്ടെത്താൻ കേന്ദ്ര ഗവൺമെൻറിനോട് സംസ്ഥാന ഗവൺമെൻറ് ശുപാർശ ചെയ്യുമോ?

ശ്രീ. സി. വി. പത്മരാജൻ: ഈ കാര്യത്തിനു മറുപടി പറയാൻ ഞാൻ ബാദ്ധ്യസ്ഥനല്ല. കാരണം എം. പി.-മാർ.....

ശ്രീ. എ. സി. ഷൺമുഖദാസ്: സംസ്ഥാന ഗവൺമെൻറിൻറെ നിലപാട് പ്രകാരം.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വി. പത്മരാജൻ: എം. പി.-മാരുടെ ഒരു കോടി രൂപയുടെ ഫണ്ട് കൊടുക്കേണ്ടത് കേന്ദ്ര ഗവൺമെൻറാണ്. അതിൻെറ നോംസ് സംബന്ധിച്ച് സംസ്ഥാന ഗവൺമെൻറിന് ആധികരികമായ കമ്മ്യൂണിക്കേഷൻസ് ഉണ്ടോയെന്ന് എനിക്കറിയുകയില്ല. ഏതായാലും അത് ജെ. ആർ. വൈ. ഫണ്ടിൻെറ 20 ശതമാനത്തിൽ നിന്നാണ് കൊടുക്കുന്നത് എന്നു പറയുന്നത് ശരിയാണോ എന്നെനിക്കറിയുകയില്ല. ഏതായാലും ശ്രീ. എ. സി. ഷൺമുഖദാസ് ആവശ്യപ്പെട്ടതനുസരിച്ച് സംസ്ഥാനഗവൺമെൻറിൻെറ നിലപാട് പറയുകയാണെങ്കിൽ ജെ. ആർ. വൈ. ഫണ്ടിൻെറ പണം ഏതാവശ്യത്തിനുവേണ്ടിയാണോ നീക്കിവച്ചിട്ടുള്ളത് അതിനു വേണ്ടിത്തന്നെ വിനിയോഗിക്കണം. എം. പി.-മാർക്ക് കേന്ദ്ര ഗവൺമെൻറ് പണം കൊടുക്കണം. ഇതാണ് സംസ്ഥാന ഗവൺമെൻറിൻെറ നിലപാട്.

ശ്രീ. പി. രാഘവൻ: വി. റ്റി. സി. (Vehicle Tax Compensation) ഗ്രാൻറിൽ 16 കോടി രൂപയാണ് ഇപ്പോൾ വിതരണം നടത്തിയത് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇരുപത്, ഇരുപത്തിരണ്ട് കോടി രൂപയാണ് കൊടുക്കേണ്ടത് എന്നും അത് നോംസ് ഉണ്ടാക്കി മുഴുവൻ പഞ്ചായത്തുകൾക്ക് കൊടുക്കണമെന്നുമാണ് 8-ാം നമ്പർ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തത്. എന്തുകൊണ്ടാണ് ബാക്കി കാശ് കൊടുക്കാത്തത്? സാമ്പത്തികമായി പഞ്ചായത്തുകൾ ബുദ്ധിമുട്ടുന്ന സമയത്ത് വളരെ വേഗത്തിൽ തന്നെ ബാക്കി കാശു കൂടി കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു നൽകുമോ?

ശ്രീ. സി. വി. പത്മരാജൻ: 16 കോടി രൂപ കൊടുക്കാനുള്ള ഉത്തരവ് വളരെ നേരത്തെ പുറപ്പെടുവിച്ചതാണ്. എങ്കിലും പുതിയ പഞ്ചായത്തുകൾ വന്നതിനുശേഷം കൊടുത്താൽ മതിയെന്നു പറഞ്ഞ് അത് നിർത്തി വച്ചതിനുശേഷം പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ കഴിഞ്ഞ ഉടനെയാണ് അത് വിതരണം ചെയ്തത്. വളരെ നീതി പൂർവമായി മാനദണ്ഡങ്ങളനുസരിച്ചാണ് വിതരണം ചെയ്തത്. അതനുസരിച്ച് കൂടുതൽ തുകകൾ ഏതെങ്കിലും പഞ്ചായത്തുകൾക്ക് കൊടുക്കാനുണ്ടെങ്കിൽ അത് പരിശോധിക്കുകയും കൊടുക്കുകയും ചെയ്യുന്നതാണ്.

ശ്രീ. കെ. പി. മമ്മുമാസ്റ്റർ: ജെ. ആർ. വൈ. ഒഴിച്ചുള്ള മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് സംസ്ഥാന ഗവൺമെൻറ് ഈ പഞ്ചായത്തുകൾക്ക് കൈമാറേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. സി. വി. പത്മരാജൻ: ജെ. ആർ. വൈ.-യുടെ ഫണ്ട് കൈമാറുന്നില്ല എന്ന് ഞാൻ പറഞ്ഞില്ലായെന്നു തോന്നുന്നു.

ശ്രീ. കെ. പി. മമ്മുമാസ്റ്റർ: ജെ. ആർ. വൈ. ഒഴിച്ചുള്ള മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് പഞ്ചായത്തുകൾക്ക് കൈമാറേണ്ടതില്ല എന്ന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. സി. വി. പത്മരാജൻ: അങ്ങനെ തീരുമാനിച്ചിട്ടില്ല. ഞാൻ പറഞ്ഞത് ഇപ്പോൾ ഫൈനാൻസ് കമ്മീഷൻെറ റിപ്പോർട്ട് അംഗീകരിച്ചതിനുശേഷം ഇൻറീം പീരിയഡ് എന്നുള്ള നിലയ്ക്ക് നമുക്ക് ഈ സംവിധാനത്തിലേക്കുള്ള മാറ്റത്തിൽ കുറച്ചു പ്രശ്നങ്ങളുണ്ട്. ഈ പ്രശ്നങ്ങളെ യാഥാർത്ഥ്യബോധത്തോടുകൂടി കണ്ടുകൊണ്ടാണ് ഗവൺമെൻറു തീരുമാനം എടുത്തിട്ടുള്ളത്. ഒന്ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരുടെ ശമ്പളം പൂർണ്ണമായിട്ടും ഇപ്പോൾ ഗവൺമെൻറ് കൊടുക്കുന്നു. രണ്ട്, പഞ്ചായത്തുകൾക്ക് കൈമാറാം ചെയ്ത വകുപ്പുകളിൽ നടന്നുകൊണ്ടിരിക്കുന്നതും, പൂർത്തിയായതുമായ പണികളുടെ ചെലവ് സ്വാഭാവികമായിട്ട് ഒരിക്കൽ പഞ്ചായത്തിനുപോയാൽ സർക്കാരിനു ബാദ്ധ്യതയില്ലായെന്നുള്ള മുറടിച്ച വാദമെടുക്കാതെ ഇപ്പോൾ നിലവിലിരിക്കുന്ന, നടന്നുകൊണ്ടിരിക്കുന്ന പണികൾക്കും പൂർത്തിയായി പേമെൻറ് നടത്തേണ്ട പണികൾക്കും പണം കൊടുക്കാനുള്ള ബാദ്ധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. അതുകൊണ്ട് ഇൻറിം പീരീഡിൽ ഉണ്ടാകുന്ന പ്രയാസങ്ങൾ തരണം ചെയ്യുന്നതിനുവേണ്ടി ഉദാരമായ ഒരു നിലപാട് ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട് എന്നാണ് എൻെറ വിശ്വാസം.

ശ്രീ. എ. സി. ഷൺമുഖദാസ്: 9-ാം ധനകാര്യ കമ്മീഷൻ 5,830 കോടി രൂപ ഇൻഡ്യയിലെ ത്രിതല പഞ്ചായത്തുകൾക്കുവേണ്ടി നീക്കിവച്ചിട്ടുണ്ട്. അത് ടേംസ് ഓഫ് റഫറൻസിൽ ഉണ്ടായിരുന്നില്ല. കേന്ദ്ര സംസ്ഥാന ഗവൺമെൻറും പറഞ്ഞില്ല. അവർ സ്വയം ചെയ്തതാണ്. ആ സംഖ്യ നീക്കിവച്ചിട്ട് ഇപ്പോൾ രണ്ടു വർഷങ്ങളായി. ആ സംഖ്യയിൽ കേരളത്തിനു കിട്ടേണ്ട വിഹിതം സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ? എത്ര രൂപ ഇതിൻെറ അടിസ്ഥാനത്തിൽ ഈ സംസ്ഥാനത്തിനു കിട്ടാനുണ്ട്? അതു കിട്ടുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. സി. വി. പത്മരാജൻ: അത് പഠിക്കാതെ എനിക്കു പറയാൻ പറ്റുകയില്ല. ഏതായാലും കേന്ദ്ര ഗവൺമെൻറിൻെറ ത്രിതല പഞ്ചായത്തുകൾക്കുവേണ്ടി നീക്കിവയ്ക്കുന്ന തുകയുടെ അർഹമായ വിഹിതം കേരളത്തിന് കിട്ടുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സർക്കാർ കൈക്കൊള്ളുന്നതാണ്.

ശ്രീ. ടി. ശിവദാസമേനോൻ: ഫൈനാൻസ് കമ്മീഷൻെറ പർവ്യൂവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പണത്തിൻെറ ട്രാൻസ്ഫർ വരേണ്ട ആവശ്യമില്ല. കാരണം കേന്ദ്രാവിഷ്കൃത പദ്ധതിയായ ജെ. ആർ. വൈ. ഫണ്ട് നാഷണലൈസ്ഡ് ബാങ്കിൻെറ ട്രഷറിയിൽ ഇടരുത്, വെയ്സ് ആൻറ് മീൻസ് പോലും ഗവൺമെൻറ് ഉപയോഗിക്കരുത് എന്ന് അതിൻെറ ഗൈഡ് ലൈനിൽ പറഞ്ഞിട്ടുണ്ട്. മാത്രമല്ല ജില്ലാ പഞ്ചായത്ത് വർക്ക് ചെയ്യുന്ന സ്റേറാറുകളിൽ ഡി. ആർ. ഡി. എ.-യുടെ ആവശ്യമില്ല. ഡി. ആർ. ഡി. എ. എന്നുപറയുന്നത് വന്നതുതന്നെ ജില്ലാതലത്തിൽ ജനാധിപത്യ സംവിധാനം ഇല്ലാത്തതുകൊണ്ടാണ് ഒരു ആട്ടോണമസ് വികസന ഏജൻസി വന്നത്. സ്റേറാറ് ഗവൺമെൻറ് കൈകാര്യം ചെയ്യാതിരിക്കാൻ വേണ്ടിയാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ. ആർ. ഡി. പി.-യുടെ 50 ശതമാനം ഡൽഹിയിൽനിന്ന് നേരിട്ട് ജില്ലാ കേന്ദ്രത്തിലേയ്ക്ക് വരികയാണ്. നമ്മുടെ ബഡ്ജറ്റിൽ അത് വരികയില്ല. ആ പണം ഒരു കാരണവശാലും, ഡി. ആർ. ഡി. എ. എന്നുള്ളത് എടുത്തുകളഞ്ഞിട്ട് ജില്ലാ പഞ്ചായത്തിന് ആ കേന്ദ്രാവിഷ്കൃത പദ്ധതി കേന്ദ്ര ഗവൺമെൻറ് വിഭാവനം ചെയ്യുന്നതുപോലെ നടപ്പിലാക്കാൻ, വി. ടി. കൃഷ്ണമാചാരിയുടേയും എസ്. കെ.-യുടേയും പുസ്തകത്തിൽ അത് പറയുന്നുണ്ട്. ഇതെല്ലാം വ്യക്തമായി പറയുന്നുണ്ട്. ആ രീതിയിൽ ഗവൺമെൻറ് ഇപ്പോൾ ജില്ലാ പഞ്ചായത്തിന് കേന്ദ്രം ആഗ്രഹിക്കുന്ന രീതിയിലുള്ള ഡവലൂഷൻ ഓഫ് ഫണ്ട്സ് പോലും നൽകുന്നില്ല. അതു സംബന്ധിച്ച് ഗവൺമെൻറ് ഒരു തീരുമാനമെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വി. പത്മരാജൻ: പഴയ ഗ്രാമവികസനവകുപ്പുമന്ത്രിയായ ശ്രീ. ശിവദാസമേനോന്റെ മറുപടി പറയേണ്ട ചോദ്യത്തേക്കാൾ കൂടുതൽ അദ്ദേഹം ഈ സഭയ്ക്ക് വളരെ ഉപകാരപ്രദമായ വിവരങ്ങളാണ് നൽകിയിട്ടുള്ളത്. അതിൽ വളരെ സന്തോഷമുണ്ട്. ഇവിടെ എന്റെ വ്യക്തിപരമായ അഭിപ്രായം ജില്ലാ പഞ്ചായത്തു വരുമ്പോൾ പിന്നെ ഡി. ആർ. ഡി. എ.-ക്ക് പ്രസക്തിയുണ്ടോ? അതുപോലെ ഡി. ഡി. സി.-ക്ക് പ്രസക്തിയുണ്ടോ? ഈ പ്രവേഴ്സും എല്ലാം ഓവർലാപ്പിംഗ് അല്ലേ എന്ന് എനിക്ക് ചിലപ്പോൾ തോന്നാറുണ്ട്. ഞാനും ഒരു പഴയ ഗ്രാമവികസനവകുപ്പുമന്ത്രിയായതുകൊണ്ട് എന്റെ വിജ്ഞാനം കൂടെ പറയാൻ തുടങ്ങിയാൽ ബുദ്ധിമുട്ടുവരും.

ശ്രീ. എ. സി. ഷൺമുഖദാസ്: ഞങ്ങളുടെ കാലത്താണ് ഡി. ആർ. ഡി. എ. ഉണ്ടാക്കിയത്.

ശ്രീ. സി. വി. പത്മരാജൻ: അങ്ങയുടെ കാലത്താണ് അതുണ്ടാക്കിയത് എന്നുള്ള ബഹുമതി അങ്ങേയ്ക്കു നൽകിയാലും അത് കേന്ദ്ര ഗവൺമെന്റിന്റെ ഡയറക്ഷൻ അനുസരിച്ചാണെന്നാണ് എന്റെ ധാരണ. അതിനുശേഷമാണ് കുറെക്കാലം ഞാനും, പിന്നെ ശ്രീ. ശിവദാസമേനോനും അത് കൊണ്ടുനടന്നത്. ഇപ്പോഴത്തെ പ്രശ്നം ഡി. ആർ. ഡി. എ. വരുന്നകാലത്ത് ജില്ലാപഞ്ചായത്തുകൾ ഇല്ല. ഡി. ആർ. ഡി. എ. വരുന്നതിനുമുമ്പാണ് ഡി. ഡി. സി. വന്നത്. ഇപ്പോൾ ഡി. ഡി. സി.-യും ഡി. ആർ. ഡി. എ.-യും ജില്ലാപഞ്ചായത്തുമുണ്ട്. ഇതിന്റെ ഫങ്ഷൻസ് പലതും ഓവർലാപ്പിംഗ് ആണെന്നുള്ള കാര്യത്തെപ്പറ്റി ഒരു അഭിപ്രായവ്യത്യാസവുമില്ല. ഇതെങ്ങനെ സ്ട്രീംലൈൻ ചെയ്യാമെന്നുള്ളതാണ്. ഡി. ആർ. ഡി. എ. പെട്ടെന്ന് എടുത്തുകളയാൻ സംസ്ഥാന ഗവൺമെന്റിനു കഴിയുമോ എന്ന് എനിക്കറിയുകയില്ല. ഇതൊരു central directive ആണ്. ഇതിനെപ്പറ്റി ചർച്ച ചെയ്യാതെ സ്വാഭാവികമായും സ്വയം പരിഹാരമുണ്ടായിക്കൊള്ളും.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, അതിസൂക്ഷ്മമായ സാമ്പത്തിക ബുദ്ധിമുട്ടുമൂലം സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളിൽ യാതൊരു വികസനപ്രവർത്തനങ്ങളും നടക്കുന്നില്ലെന്നും സ്റ്റാഫിനു ശമ്പളം പോലും കിട്ടുന്നില്ലെന്നുമുള്ള വിവരങ്ങൾ ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ. അടിയന്തിരമായി ഈ കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. വി. പത്മരാജൻ: ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യത്തിൽ മൂന്നുകാര്യങ്ങളുണ്ട്. സാമ്പത്തിക പ്രതിസന്ധി അതിസൂക്ഷ്മമാണ് എന്നുള്ളതാണ് ഒന്ന്. രണ്ടാമത് ബ്ലോക്കുകളിൽ വികസനപ്രവർത്തനങ്ങൾ നടക്കുന്നില്ല. മൂന്ന് അവർക്ക് ശമ്പളം കൊടുക്കുന്നില്ല. ഇതിൽ ശമ്പളത്തിന്റെ കാര്യത്തിൽ ഒരു കുഴപ്പവുമില്ല എന്നുള്ളകാര്യം ശരിയാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് പണം.....

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്: ചൊവ്വന്നൂരിലെയും മറ്റും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ പറഞ്ഞു അവരുടെ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കിട്ടുന്നില്ലെന്ന്.

ശ്രീ. സി. വി. പത്മരാജൻ: അതെന്താണെന്ന് എനിക്കറിയുകയില്ല ശമ്പളം കൊടുക്കുന്നില്ല എന്നുള്ള പരാതി ഉണ്ടെങ്കിൽ അടിയന്തിരമായി പരിശോധിക്കാം. ഇന്നുതന്നെ അതു പരിശോധിക്കാൻ ഏർപ്പാടു ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി എന്നുള്ളത് ശ്രീ. നമ്പാടന്റെ ഒരു ഭാവനയാണ്. സ്വൽപ്പം സാമ്പത്തികമായ ബുദ്ധിമുട്ടുണ്ട്. അത് ആലംകാരികമാണ്. ത്രിതലപഞ്ചായത്തുകൾ, ജില്ലാപഞ്ചായത്ത്, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് സർക്കാർ ഇങ്ങനെ മൂന്നുനാലു ഏജൻസികൾ വരുമ്പോൾ ഉള്ള വിഭവങ്ങൾ ഭാഗിച്ചുകൊടുക്കാൻ കുറെ ബുദ്ധിമുട്ടുകൾ വരും. അതിൽ നമ്മുടെ സംസ്ഥാനത്ത് ബ്ലോക്ക്തല പഞ്ചായത്ത് കൊണ്ടുവന്നത് ഒരു കേന്ദ്ര നിർദ്ദേശമനുസരിച്ചാണ്. അത് ആവശ്യമുണ്ടോ, ഇല്ലയോ എന്നുള്ളകാര്യം ഇപ്പോൾ ചർച്ചാവിഷയമാണ്. എന്നാൽ ആവശ്യം എന്നുള്ള അടിസ്ഥാനത്തിൽ നീങ്ങുകയാണ്. അവർക്ക് ഏൽപ്പിച്ചിരിക്കുന്ന ചുമതലകൾ കുറവാണ്. അതിനാവശ്യമായ പണം സർക്കാർ കൊടുക്കുന്നതാണ്.

ശ്രീ. ടി. നാണുമാസ്റ്റർ: സർ, പഞ്ചായത്ത് ധനകാര്യകമ്മീഷന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന അവസരത്തിൽ ഈ ഗവൺമെന്റ് വളരെ ഗൗരവമായി രണ്ടു വീക്ഷണങ്ങൾ എടുക്കേണ്ടതുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി എന്ന നിലയിൽ ഡി. ആർ. ഡി. എ.-യുടെ പ്രവർത്തനങ്ങൾ ഗ്രാമപ്രദേശങ്ങളിലും പഞ്ചായത്തുകളിലുമാണ് കൂടുതലായി കണ്ടു വരുന്നത്. നഗരസഭകളിലും മുൻസിപ്പാലിറ്റിയിലുമില്ല, പഞ്ചായത്തുകളിലാണ് ഉള്ളത്. നമ്മുടെ സംസ്ഥാനത്ത് 45 കോടിയോളം രൂപ എം. പി.-മാരുടെ സ്കീമിൽ ഇന്നു സർക്കുലേഷനുണ്ട്. എന്നാൽ അതിന്റെ നോംസ് അനുസരിച്ച് എല്ലാ പഞ്ചായത്തുകളിലും വർക്കു ചെയ്യാൻ സാധിക്കുന്നില്ല. 45 കോടി രൂപ കേന്ദ്ര ഗവൺമെന്റ് കൊടുത്തതുകൊണ്ട് ഡി. ആർ. ഡി. എ. എന്നുപറയുന്ന സ്ഥാപനത്തിന്, കേന്ദ്രാവിഷ്കൃത പദ്ധതിക്ക് കേന്ദ്രഗവൺമെന്റ് വേണ്ട പണം അനുവദിച്ചുകൊടുക്കാൻ കഴിയാതെ പോയതുകൊണ്ട് 18 മാസമായി നമ്മുടെ സംസ്ഥാനത്ത് ഡി. ആർ. ഡി. എ. യാതൊരു പ്രവർത്തനവും ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല. ഈ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഈ സംഖ്യകൾ ഉപയോഗിക്കുന്ന കാര്യത്തിൽ പഞ്ചായത്തിലുള്ള സംഖ്യകൾ ഉപയോഗിക്കുന്ന കാര്യത്തിൽ എന്തെങ്കിലുമൊരു ഏകീകൃത സമീപനം വേണമെന്നുള്ള വസ്തുതകൂടി മനസ്സിൽ വച്ചുകൊണ്ട് ഈ ധനകാര്യ കമ്മീഷനുമായി നമ്മുടെ ധനകാര്യ വകുപ്പു ബന്ധപ്പെടുമോ? ആ വീക്ഷണത്തിൽ ഗവൺമെന്റ് എത്തിച്ചേരുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, ബഹുമാനപ്പെട്ട മെമ്പറുടെ ഉപദേശങ്ങൾക്കും അഭിപ്രായങ്ങൾക്കും നന്ദി. അതു കണക്കിലെടുത്തുകൊണ്ടുതന്നെ ഭാവി നടപടികൾ ആവിഷ്കരിക്കുന്നതാണ്.

ശ്രീ. കെ. പ്രകാശ്ബാബു: തമ്മുടെ പഞ്ചായത്തുകൾക്ക് ഇപ്പോഴുള്ള വരുമാനമാർഗ്ഗങ്ങൾ സ്റ്റാമ്പു ഡ്യൂട്ടിയുടെ വിഹിതവും വെഹിക്കിൾ ടാക്സിന്റെ കോമ്പൻസേഷനുമൊക്കെയാണ്. അതു പുതിയ പഞ്ചായത്ത്രാജ് നിയമം വരുന്നതിനുമുമ്പുതന്നെ നിലവിലുള്ളതാണ്. ഇപ്പോഴും അതേ ലഭിക്കുന്നുള്ളൂ. അതിൽനിന്നും വ്യത്യസ്തമായി ഈ പുതിയ നിയമം നടപ്പിലായതിനുശേഷം പഞ്ചായത്തുകൾക്ക് ഏതെങ്കിലും ടാക്സിനത്തിൽ ഗവൺമെന്റ് കളക്ടുചെയ്യുന്ന വരുമാനത്തിന്റെ വിഹിതം കൊടുക്കാൻ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ? ഗ്രാമപഞ്ചായത്തുകൾ കൂടാതെ ബ്ലോക്ക്പഞ്ചായത്തുകൾക്കും ജില്ലാപഞ്ചായത്തുകൾക്കും സ്വന്തമായി ധനാഗമ മാർഗ്ഗത്തിന് എന്തെങ്കിലും നിർദ്ദേശം പുതിയ നിയമം വന്നതിനുശേഷം ഗവൺമെന്റിന്റെ പക്കലുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വി. പത്മരാജൻ: സർ, പുതിയ ധനാഗമ മാർഗ്ഗങ്ങളും എന്നുപറയുമ്പോൾ പഞ്ചായത്തുകളുടെ പ്രവർത്തനത്തിൽ ഒരു സമീപനം എല്ലാ പഞ്ചായത്തുകൾക്കും സർക്കാരിൽനിന്ന് പണം കൊടുത്താൽ അവർ ചെയ്തുകൊള്ളാമെന്നൊരു സമീപനം സ്വീകരിച്ചാൽ അതു ഫലപ്രദമാകില്ല. പഞ്ചായത്തുകൾക്ക് സ്വന്തമായി ടാക്സ് ഏർപ്പെടുത്താനും ഫീസ് പിരിക്കാനുമുള്ള സൗകര്യങ്ങളും വേണം. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ശ്രീ. പ്രകാശ്ബാബു പറഞ്ഞതു ശരിയാണ്. മോട്ടോർ വെഹിക്കിൾസ് ആക്ടിന്റെ വിഹിതവും സ്റ്റാമ്പ് ഡ്യൂട്ടിയുടെ വിഹിതവും വളരെ മുമ്പേയുള്ള കാര്യങ്ങളാണ്. ഇപ്രാവശ്യം അതു കൊടുത്തുവെന്നേയുള്ളൂ. ഫൈനാൻസ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ പഞ്ചായത്തിലും പുതുതായി സർക്കാർ എത്രത്തോളം കൊടുക്കും എന്നുള്ളതാണ്. ഉദാഹരണമായി പറഞ്ഞാൽ അടുത്തവർഷത്തെ പൊതുമരാമത്തു വകുപ്പിന്റെ ബഡ്ജറ്റിൽനിന്നും വലിയ തുക പഞ്ചായത്തുകൾക്കായിട്ടു നീക്കിവച്ചിട്ടുണ്ട്. ഇതുപോലെ വിവിധ വകുപ്പുകളും നീക്കിവച്ചിട്ടുണ്ട്. അതുകൂടാതെ സ്വന്തമായിട്ട് ഏതെല്ലാം ടാക്സ് കൊടുക്കാമെന്നുള്ള കാര്യം ഫൈനാൻസ് കമ്മീഷന്റെ റിപ്പോർട്ടുകൂടി കണക്കിലെടുത്തുകൊണ്ട് തീരുമാനിക്കുന്നതാണ്.

ശ്രീ. എ. കണാരൻ: ജെ. ആർ. വൈ.-യുടെ ഫണ്ട് ഫലപ്രദമായിട്ട് ഉപയോഗിച്ചുകഴിഞ്ഞാൽ വികസന രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയും. പക്ഷേ ഇപ്പോഴും വന്നുകൊണ്ടിരിക്കുന്ന അവസ്ഥ ഈ ഫണ്ടു തന്നെ പാർലമെന്റ് മെമ്പർമാർക്ക് കുറെ കൊടുത്തുകൊണ്ടിരിക്കുന്നു എന്നതാണ്. ബഹുമാനപ്പെട്ട പാർലമെന്റ് മെമ്പർമാർ യാതൊരു തത്വദീക്ഷയുമില്ലാതെ ചിലപ്പോക്കിക്കൊണ്ടിരിക്കുകയാണ്. ഒരു ഉദാഹരണം പറയാം. ഇപ്പോഴും വടകര പാർലമെന്റിൽ ശ്രീ. കെ. പി. ഉണ്ണിക്കൃഷ്ണൻ, അയാൾക്ക് ഒരു കോടി രൂപ കിട്ടി. അയാൾ ചെയ്തുകൊണ്ടിരിക്കുന്നത് അയാളുടെ പാർട്ടിയിൽപ്പെട്ട ഏതാനും പേർക്ക് അവരുടെ വീടുകളിലേക്ക് പോകാൻവേണ്ട വഴി നന്നാക്കുന്നതിനുവേണ്ടി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ പാർട്ടിയിലെ എം. എൽ. എ.-മാരേയോ, ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാരേയോ ജില്ലാപഞ്ചായത്തുകളിലെ ആളുകളേയോ ജനപ്രതിനിധികളിലാരെയെങ്കിലുമോ വിളിക്കാതെ ഇങ്ങനെ ചെലവാക്കിക്കൊണ്ടിരിക്കുകയാണ്. ആ തുക മുഴുവൻ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ കൊടുത്തുകഴിഞ്ഞാൽ ഈ രാജ്യത്ത് വളരെ വലിയ മാറ്റങ്ങളും വരുത്താൻ കഴിയും. അതുകൊണ്ട് ഈ പ്രശ്നം ഗവൺമെന്റിനെ അറിയിക്കണം. ഓരോരുത്തർക്കും ഓരോ കോടി രൂപ വീതം കൊടുത്തിട്ട് അതവർക്ക് ധൂർത്തടിക്കാനും യഥേഷ്ടം വോട്ടുപിടിക്കാനുംവേണ്ടി മാറ്റരുത്. അതുകൊണ്ട് ഏതു പാർട്ടിയായാലും വേണ്ടില്ല, ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റുമാർക്കോ ഗ്രാമപഞ്ചായത്തിനോ ഈ തുക യഥേഷ്ടം വീതിക്കാനുള്ള സംവിധാനം വേണം. ഈ സംസ്ഥാന ഗവൺമെന്റ് അതിനുവേണ്ടി ശുപാർശ ചെയ്യണമെന്ന് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മി. കണാരൻ അവരും ജനപ്രതിനിധികളാണ്, ഇതുപോലെ നമ്മളും എം. എൽ. എ. മാരും-പാടില്ലായെന്നു പറഞ്ഞു തുടങ്ങിയാൽ എങ്ങനെയാണ്.

ശ്രീ. സി. വി. പത്മരാജൻ: ഈ വിഷയത്തെപ്പറ്റി അംഗങ്ങളെല്ലാവരും വളരെ വിജ്ഞാനപ്രദങ്ങളായ ചോദ്യമാണ് ചോദിക്കുന്നത്. ഒരുപാടു കാര്യങ്ങളും പറയുന്നുണ്ട്. അദ്ദേഹം ഒന്നാമതായി പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

ജെ. ആർ. വൈ. ഫണ്ടിന്റെ ദുരുപയോഗത്തെപ്പറ്റിയാണ്. അക്കാര്യത്തിൽ എനിക്കൊരു കാഴ്ചപ്പാടുണ്ട്. അതു ഞാൻ പറയുന്നില്ല. പഞ്ചായത്തു കമ്മീഷൻ കൊടുത്ത ജെ. ആർ. വൈ. ഫണ്ടിന്റെ അടിസ്ഥാന തത്വംതന്നെ ഡ്യൂറബിൾ കമ്മ്യൂണിറ്റി അസറ്റുണ്ടാക്കണമെന്നുള്ളതാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വേണം. പലപ്പോഴും പഞ്ചായത്തു മെമ്പർമാർ അവരുടെ വിഹിതം ഓരോ വാർഡിലേയ്ക്കും കൊണ്ടുപോയി ദുർവിനിയോഗം ചെയ്യുന്നുവെന്നുള്ള പരാതികളും ഉണ്ടായിട്ടുണ്ട്. സാർവ്വത്രികമാണെന്നു പറയുന്നില്ല. എം. പി.—മാരുടെ കാര്യത്തെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനു ഒന്നും ചെയ്യാൻ അധികാരമില്ല. ശ്രീ. പി. വി. നരസിംഹറാവുവിന്റെ മുൻപിൽ എല്ലാ പാർട്ടിയിലുംപെട്ട എം. പി.—മാർ അവരുടെ പാർലമെന്റ് നിയോജക മണ്ഡലങ്ങളിൽ സ്വന്തമായിട്ടു വികസന പ്രവർത്തനങ്ങൾ നടത്താൻ അവർക്ക് സംസ്ഥാന ഗവൺമെന്റിന്റെയും ഉദ്യോഗസ്ഥൻമാരുടേയും ഒരു അനുഭാവം വേണ്ടിവരുന്നു. ആ ഒരു നിലപാട് മാറ്റി അവർക്കുകൂടി സ്വന്തമായിട്ട് പണം ചെലവാക്കാൻ അവസരമുണ്ടാക്കണമെന്ന് നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഒരു എം. പി.—ക്ക് ഒരു കോടി രൂപ അനുവദിച്ചത്. അതിനു് അകത്തുള്ള മാനദണ്ഡങ്ങൾ സംസ്ഥാന ഗവൺമെന്റ് നിയന്ത്രിച്ചതല്ല.

ശ്രീ. കെ. പ്രകാശ്ബാബു: പ്രത്യേക ഫണ്ട് ഉണ്ടാക്കിയിട്ടില്ല, പകരം ജെ. ആർ. വൈ.—യുടെ വിഹിതമെടുത്താണ് എം. പി.—മാർക്ക് ഫണ്ട് കൊടുക്കുന്നത്.

ശ്രീ. സി. വി. പത്മരാജൻ: എനിക്ക് അതിന്റെ വിശദാംശങ്ങൾ അറിയില്ല. ജെ. ആർ. വൈ. ഫണ്ട് അങ്ങോട്ട് ട്രാൻസ്ഫർ ചെയ്താൽ പോലും ഒരു എം. പി.—ക്ക് ഒരു കോടി കിട്ടുകയില്ല. കാരണം ഒരു ഡി. ആർ. ഡി. എ.—യുടെ കീഴിലുള്ള 20 ശതമാനം എടുത്താൽപ്പോലും ആ ജില്ലയ്ക്ക് അകത്തുള്ള എം. പി.—മാർക്ക് ഒരു കോടി രൂപ വച്ചുകൊടുക്കാൻ പറ്റുകയില്ല. എന്റെ അറിവ് അതിനു ആവശ്യമായിട്ടുള്ള ഫണ്ട് ജില്ലാ കളക്ടേഴ്സ് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ പഞ്ചായത്തുകൾക്ക് റോഡ് മെയിൻറനൻസ് ഗ്രാന്റ് കൊടുക്കാൻ നിങ്ങൾ തീരുമാനിച്ചിട്ടുണ്ടോ? അതനുസരിച്ച് എത്ര തുക നീക്കി വച്ചിട്ടുണ്ട്. പഞ്ചായത്തുകൾ, അവർ ഇന്നു സംരക്ഷിച്ചുവരുന്ന റോഡുകൾ ഏറ്റെടുക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; അക്കാര്യത്തിൽ ഫൈനാൻസ് കമ്മീഷന്റെ നിർദ്ദേശം വല്ലതും ഗവൺമെന്റിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ?

ശ്രീ. സി. വി. പത്മരാജൻ: ഫൈനാൻസ് കമ്മീഷന്റെ റിപ്പോർട്ടിനെ സംബന്ധിച്ച് കുറച്ച് പരിമിതികളുണ്ട്. ഞാൻ അതു ശരിക്കും പഠിച്ചിട്ടില്ല. രണ്ടാമത് ഈ പഞ്ചായത്തുകളുടെ റോഡ് പി. ഡബ്ല്യു.ഡി.—ക്ക് ഏറ്റെടുക്കാൻ കഴിയുമോ എന്നുള്ളതാണ്: ഇതൊരു നിയമപ്രശ്നമാണ്. ശ്രീ. വർക്കലയെപ്പോലുള്ള പ്രമുഖൻമാരായ അഭിഭാഷകൻമാർ അഭിപ്രായം തന്നാൽ വേണ്ടില്ല. പഞ്ചായത്തുരാജിൽ പറയുന്നതു നാഷണൽ ഹൈവേയും മേജർ സ്റ്റേറ്റ്, ഹൈവേയും ഒഴിച്ചുള്ള റോഡുകൾ vested in the Panchayat എന്നാണ് പറഞ്ഞിരിക്കുന്നത്. പിന്നെ തിരിച്ചിങ്ങോട്ട് പി. ഡബ്ല്യു. ഡി.—ക്ക് എടുക്കാൻ കഴിയുമോ എന്നുള്ളത് ഇപ്പോഴും നിയമത്തിന്റെ കുരിക്കിൽപ്പെട്ടുകിടക്കുന്ന കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഇന്നു നിലവിലുള്ള പഞ്ചായത്ത്‌രാജ് നിയമപ്രകാരം അങ്ങു പറഞ്ഞതുപോലെ ഇതു രണ്ടുമൊഴിച്ചുള്ള റോഡുകളെല്ലാം naturally vested in the Panchayat. ആ നിയമപരമായ സാങ്കേതിക പ്രശ്നം ഉയർന്ന സാഹചര്യത്തിൽ ഇതു ക്ലാരിഫൈ ചെയ്യാൻ വേണ്ടി ഒരു അമൻറുമെൻറ് കൊണ്ടുവന്നുകൂടെ?

ശ്രീ. സി. വി. പത്മരാജൻ: പഞ്ചായത്തുരാജിലെ അമൻറുമെൻറ് കൊണ്ടുവരുന്നതു ജനാധിപത്യ വിരുദ്ധമാകുമോ, അധികാര വികേന്ദ്രീകരണത്തിൽനിന്നു തിരിച്ചുപോകുമോ എന്നുള്ള പ്രശ്നമൊക്കെ നമുക്ക് കൂട്ടായി ചർച്ച ചെയ്യേണ്ടിയിരിക്കുന്നു.

മി സ്പീക്കർ: സാങ്കേതികം മാത്രമല്ല, നിരവധി ചർച്ചകൾക്കുശേഷം പഞ്ചായത്തുകൾക്ക് കൊടുത്തത് തിരിച്ച് ഗവൺമെൻറ് ഏറെറടുക്കണമെന്നുപറയുന്ന ആ പ്രവണത നല്ലതാണോ എന്നു ആലോചിക്കണം.

അണ്ടർ വാല്യുവേഷൻ തടയുവാൻ നടപടി

* 3 [90] ശ്രീ. ഇ. രാജേന്ദ്രൻ:
,, വി. വി. രാഘവൻ:
,, കെ. ഇ. ഇസ്മയിൽ:
,, സത്യൻ മൊകേരി:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) വസ്തു കൈമാറ്റത്തിലെ അണ്ടർ വാല്യുവേഷൻ തടയുന്നതിന് ഇപ്പോൾ എന്തു സംവിധാനമാണ് നിലവിലുള്ളത്;

(ബി) ഇപ്പോഴത്തെ സംവിധാനങ്ങൾ ഫലപ്രദമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ അണ്ടർ വ്യാല്യുവേഷൻ നടത്തിയ എത്ര കേസുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട് എന്നു വെളിപ്പെടുത്തുമോ;

(ഡി) 1993-94 മുതൽ ഇത്തരം കേസുകൾ കണ്ടുപിടിക്കുവാൻ കഴിഞ്ഞതിൻെറ ഫലമായി ഓരോ വർഷവും എന്തു തുക ഖജനാവിന് മുതൽ കൂട്ടായിട്ടുണ്ടെന്നതിൻെറ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീമതി എ. ടി. പത്മ):

(എ) കേരള മുദ്രപത്രനിയമം 45 (ബി) വകുപ്പുപ്രകാരം സബ് രജിസ്ട്രാർമാർ റിപ്പോർട്ട് ചെയ്യുന്ന അണ്ടർ വാല്യുവേഷൻ കേസുകളിൽ ജില്ലാ രജിസ്ട്രാർമാർ അനന്തര നടപടികൾ സ്വീകരിച്ച് കുറവുവന്ന മുദ്രവിലയും ഫീസും ഈടാക്കുന്നു. ജില്ലാ രജിസ്ട്രാർമാർക്ക് സ്വയമായും അണ്ടർ വാല്യുവേഷൻ നിയമപ്രകാരം നടപടികളെടുക്കാവുന്നതാണ്.

(ബി) ഇപ്പോഴത്തെ സംവിധാനം ഫലപ്രദമാണെങ്കിലും അണ്ടർ വാല്യുവേഷൻ കേസുകൾ വർദ്ധിച്ചുവരുന്നു എന്നതും നിയമത്തിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇവ തീർപ്പാക്കാൻ കാലതാമസം നേരിടുന്നു എന്നതും വസ്തുതയാണ്. 1994-ലെ ധനകാര്യ

LIBRARY ARCHIVES Kerala Legislative Assembly